

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

പള്ളിക്കൂദാശ മൂന്നാം ഞായർ

2022 നവംബർ 13



# ജീവന്റെ പൊൻനാണയം നീയെന്തു ചെയ്തു?

ഉത്പത്തി 29:15 –30, പ്രഭാഷകൻ11:20–27, 2 തെസ 3:6–15, മത്തായി 25:14–30

'ആകയാൽ നിങ്ങളും തയ്യാറായിരിക്കുക' (മത്തായി 24:44) എന്ന സുപ്രധാനമായ ആഹ്വാനത്തിനൊടൊപ്പം യേശു ചേർത്തു പറയുന്ന ആ മൂന്നു ഉപമകളും ഈ മുന്നറിയിപ്പിന്റെ തന്നെ വ്യാഖ്യാനങ്ങളാകുന്നു. 'നിങ്ങളും തയ്യാറായിരിക്കുക' എന്ന താക്കോൽ വചനം ഉപയോഗിച്ച് മാത്രം തുറക്കാവുന്ന ഉപമകൾ. അവിശ്വസ്തനായ ഭൃത്യന്റെ ഉപമയും പത്തു കന്യകമാരുടെ ഉപമയും താലന്തുകളുടെ ഉപമയുമാണ് ഇവ. ഈ ശ്രേണിയിൽ ഒടുവിലായി വരുന്ന താലന്തുകളുടെ ഉപമയാണ് ഇന്നത്തെ നമ്മുടെ ധ്യാനവിഷയം. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ യേശു പറയുന്ന അവസാനത്തെ ഉപമ എന്ന പ്രത്യേകതയും താലന്തുകളുടെ ഉപമയ്ക്കുണ്ട് . ഈ ഉപമയെത്തുടർന്ന് അന്തിമവിധിയെക്കുറിച്ചുള്ള സൂചനകളും നൽകി പീഡാസഹനങ്ങളിലേയ്ക്കും കുരിശുമരണത്തിലേയ്ക്കും യേശു നേരെ പ്രവേശിക്കുകയാണ്. അതുകൊണ്ടുതന്നെ ഉപമകളുടെ കൂട്ടത്തിൽ താലന്തുകളുടെ ഉപമ അതിപ്രധാനമായി ഉയരുകയാണ്.

താലന്തുകളുടെ ഉപമ എന്നാണ് ഇന്നത്തെ ഈ കഥയ്ക്ക് പേരെങ്കിലും താലന്തുകൾക്ക് ഈ കഥയിൽ പ്രത്യേകം റോളൊന്നുമില്ല. താലന്തുകൾക്ക് തനിയെ ഒന്നും ചെയ്യാനാവില്ലല്ലോ. താലന്ത് കൈവശം കിട്ടിയവരുടെ വീക്ഷണവും പ്രവൃത്തിയുമാണ് ഈ കഥയെ മുന്നോട്ടു കൊണ്ടുപോകുന്നത്.

## കഥയിൽ ചോദ്യമില്ല

എന്തുകൊണ്ട് ഒരാൾക്ക് അഞ്ചും മറ്റൊരാൾക്ക് രണ്ടും മൂന്നാമതൊരുവന് കേവലം ഒന്നും? നീതിബോധം തീരെയില്ലാത്തവനോ ഇവിടുത്തെ യജമാനൻ? യേശു തന്നെ പറഞ്ഞ മറ്റൊരു കഥയിൽ ഇതിന് ഉത്തരമുണ്ട്. എന്റെ വസ്തുവകൾ കൊണ്ട് എനിക്ക് ഇഷ്ടമുള്ളത് ചെയ്യാൻ പാടില്ലെന്നോ? (മത്തായി 20:15)

## സഹനവും ടാലന്റ് !

സ്വീകരിക്കുന്നവന്റെ കഴിവുകൾ അയാൾക്കല്ലല്ലോ ദാതാവിനല്ലേ നന്നായി അറിയുക? പാത്രമറിഞ്ഞേ വിളമ്പാവൂ എന്ന് പഴമൊഴി. വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം എന്ന് വള്ളത്തോൾ.

ഓരോരുത്തരുടെയും കഴിവും കഴിവുകേടും സ്വീകർത്താവിനേക്കാൾ നന്നായി അറിയുന്ന സർവദാതാവാകുന്ന ദൈവം ശ്രദ്ധിച്ചേ സകലതും കൊടുക്കുകയുള്ളൂ. ആ നിലയ്ക്ക് ചിന്തിക്കുമ്പോൾ കൃപകളും വരങ്ങളും ദാനങ്ങളും കഴിവുകളും മാത്രമല്ല ഈ താലന്തുകൾ. ഈ 'ടാലന്റു ' കൾക്കപ്പുറം നമ്മുടെ പ്രലോഭനങ്ങളും എന്തിന് സഹനങ്ങൾ പോലും താലന്തുകളിൽപ്പെടുന്നില്ലേ? അങ്ങനെ വേണം കരുതാൻ. വിശുദ്ധ പൗലോസ് ശ്ലീഹാ ഇങ്ങനെ എഴുതിവച്ചിട്ടുള്ളത് ഇതിനോടു ചേർത്ത് വായിക്കേണ്ടതുണ്ട്,



ജോസ് മാത്യു മൂഴിക്കുളം

'... അവയെയെല്ലാം അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കു നൽകിക്കൊള്ളും'. വെറുതെയല്ല, തേവരയിലെ അജ്നയും ഒല്ലൂരിലെ ജോസ് റെയ്നിയും ഇപ്പോഴും നിറനിലാവു പോലെ നമ്മുടെ മനസിൽ പ്രകാശം പരത്തിനിൽക്കുന്നത്.

## ദ്വിവിധ പ്രതികരണങ്ങൾ

താലന്തുകളുടെ ഉപമയിൽ രണ്ടുതരം പ്രതികരണങ്ങളാണ് ഉള്ളത്. കഠിനവും നിരന്തരവുമായ അധ്വാനത്തിനു തയ്യാറായി താലന്തുകൾ ഇരട്ടിയാക്കുന്നവരും, അലസതയാൽ താലന്തുകളെ നിഷ്ക്രിയമാക്കി മൂടിവയ്ക്കുന്നവരും. എന്നിട്ടോ, മൂടിവയ്ക്കപ്പെട്ടത് അവിടെനിന്നും എടുത്ത് ഉള്ളവന് കൊടുക്കുകയാണ് യജമാനൻ. ഇവിടെ ദുഷ്ടനെന്നും മടിയനെന്നും ബൈബിൾ തന്നെ വിശേഷിപ്പിക്കുന്ന താലന്ത് കുഴിച്ചിട്ട ആ ഭൃത്യനിൽ വിടർന്നു നിൽക്കുന്ന ഒരു നന്മ കാണാതെ പോകരുത്. ആ നാണയം എവിടെയാണ് കുഴിച്ചിട്ടതെന്ന് കൃത്യമായി അയാൾക്കറിയാം. അതുകൊണ്ടു മാത്രമാണല്ലോ അത് തിരിച്ചെടുത്തു കൊടുക്കാൻ പോലും അയാൾക്ക് കഴിയുന്നത്. അലക്ഷ്യമായി നമ്മിൽ പലരെയും പോലെ കടലിലാണ് അത് വലിച്ചെറിഞ്ഞിരുന്നതെങ്കിലോ? കടൽത്തീരത്ത് കണ്ണീരുമൊഴുക്കി ജീവിതകാലം മുഴുവൻ തേരാപാരാ കഴിച്ചുകൂട്ടേണ്ടിവരുമായിരുന്നില്ലേ അയാൾക്കും? ആ നിലയ്ക്ക് ചിന്തിക്കുമ്പോൾ അയാൾ നമ്മളേക്കാൾ എത്രയോ ഭേദം? എന്നിട്ടും പുറത്ത് അന്ധകാരത്തിലേയ്ക്ക് അയാൾ വലിച്ചെറിയപ്പെടുകയാണ്. നമ്മുടെ താലന്തുകൾ എറിഞ്ഞു കളഞ്ഞത് എവിടെയെന്നുപോലും നമുക്കറിയില്ലല്ലോ തമ്പുരാനേ. യജമാനൻ ഇനി മടങ്ങിയെത്തുമ്പോൾ, കണക്കുപുസ്തകം നിവർത്തുമ്പോൾ എന്തു മറുപടിയാണ് ഞാൻ കൊടുക്കുക?

## നാളെയാവാം

ഭൃത്യൻ താലന്ത് കുഴിച്ചിട്ടത് എന്തിനാവാം? മുറിയിലോ അലമാരയിലോ സൂക്ഷിക്കാനുള്ള സൗകര്യം അയാൾക്കില്ലല്ലോ. വെറുമൊരു ഭൃത്യൻ മാത്രമാണല്ലോ അയാൾ. എന്തായാലും ആ താലന്ത് നശിപ്പിക്കാൻ വേണ്ടിയിട്ടല്ല മണ്ണിൽ കുഴിച്ചിട്ടത് എന്നത് തീർച്ച. അധികകാലം മണ്ണിൽ കിടന്നാൽ താലന്തും നശിക്കുമെന്നിരിക്കേ തൽക്കാലത്തേയ്ക്കു മാത്രമാണയാൾ അത് ചെയ്യുന്നത്. അധ്വാനിച്ച് ഈ താലന്ത് ഇരട്ടിയാക്കണമെന്ന ആഗ്രഹം അയാൾക്കുമുണ്ടാകാം. പക്ഷേ, അതു നാളെ മതിയല്ലോ. ഇന്നു തുടങ്ങി എന്തിന് കഷ്ടപ്പെടണം?ഇന്ന് ഞാനെന്റെ കുഞ്ഞുകുഞ്ഞു സന്തോഷങ്ങളിലിങ്ങനെ രസിച്ചു നടക്കട്ടെ എന്നു ചിന്തിച്ചിട്ടുണ്ടാകാം അയാൾ. പക്ഷേ അയാളുടെ കണക്കുകൂട്ടലുകളെ പാടേ തെറ്റിച്ചു കൊണ്ട് 'മങ്ങിയൊരന്തിവെളിച്ചത്തിൽ ചെന്തീപോലെ' യജമാനൻ കണക്കുപുസ്തകവുമായി ഇത്ര പെട്ടന്ന് മുന്നിൽ വന്നു നിൽക്കുമെന്ന് ആരു നിനച്ചു? ആത്മവിദ്യാലയം എന്നു വിളിക്കുന്ന സിമിത്തേരികളിൽ നിന്ന് നവംബർ മാസത്തിൽ കൂടുതലായി ഉയർന്നു കേൾക്കുന്ന ഗാനം അലയടിക്കുന്നുണ്ട്. ശ്രദ്ധിച്ചേ... 'സൽകൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ ....'

## പഴയ നിയമത്തിലും

ഒന്നാമത്തെ വായനയിൽ തെളിയുന്നത് പൂർവപിതാവായ യാക്കോബും അവന്റെ അമ്മായിയപ്പൻ ലാബാനുമാണ്. ചതിപ്രയോഗത്തിലൂടെ തന്റെ മകൾ ലെയായെ യാക്കോബിന്റെ ഭാര്യയാക്കുന്നു ലാബാൻ. യാക്കോബാകട്ടെ, റാഹേലിനോടുള്ള നിഷ്കളങ്കപ്രണയത്താൽ ലാബാനുവേണ്ടി വീണ്ടും അടിമയെപ്പോലെ പണിയെടുക്കുന്നു.

എന്നിട്ടും ആത്യന്തികവിജയം യാക്കോബിനാണ്. തട്ടിപ്പുകാരനായ ലാബാന്റെ സമ്പത്തെല്ലാം യാക്കോബിന്റേതായിത്തീരുന്നു. ചതിയിലൂടെ നേടുന്നതെല്ലാം കുടുംബത്തിൽ നിന്നും പടിയിറങ്ങിപ്പോവുകതന്നെ ചെയ്യും.

കഠിനവും നിരന്തരവും ആത്മാർത്ഥവുമായ പ്രവർത്തനമാണെങ്കിൽ താലന്തുകൾ ഇരട്ടിയാവുകതന്നെ ചെയ്യും.

## യഥാർത്ഥ ഭാഗ്യവാൻ

പാപിയുടെ നേട്ടങ്ങളിൽ അസൂയ വേണ്ട എന്നും മരിക്കും മുമ്പേ ആരെയും ഭാഗ്യവാൻ എന്നും വിളിക്കേണ്ട എന്നും വിശദീകരിക്കുന്ന ഇന്നത്തെ രണ്ടാം വായന പ്രഭാഷകന്റെ പുസ്തകത്തിലെ വളരെ തിളക്കമുള്ള ഒരു അധ്യായമാണ് (അധ്യായം 11). കണക്കു പുസ്തകവുമായി യജമാനൻ എത്തുന്നതുവരെ കാത്തിരിക്കാം. എന്നിട്ടാവാം ഒരുവനെ ഭാഗ്യവാനാണോ അല്ലയോ എന്ന് വിളിക്കുന്നതൊക്കെ.

## അധ്വാനശീലരാവുക

നെറ്റിയിലെ വിയർപ്പുകൊണ്ടു മാത്രം ഭക്ഷിക്കുക എന്നു ഉത്പത്തി പുസ്തകത്തിൽ ഉദ്ബോധിപ്പിക്കുന്ന ദൈവം ഇന്നത്തെ ലേഖനഭാഗത്തെത്തുമ്പോൾ കുറെക്കൂടി കർക്കശക്കാരനായി മാറുന്നത് കാണാം. 'അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസലോനിക്ക 3:10). താലന്തുകൾ പൂഴ്ത്തിവയ്ക്കരുതെന്നും അലസത ഉപേക്ഷിക്കണമെന്നും വചനം കൃത്യമായി നമ്മോടു സംസാരിക്കുന്നു

## വീണ്ടെടുക്കുക

നഷ്ടങ്ങളുടെ പുത്തൻപാന പാടി നേരം വെളുപ്പിക്കുന്നതിൽ കഥയില്ല. വീണ്ടെടുപ്പിന്റെ ഉപമകളും അവിടുന്ന് പഠിപ്പിച്ചിട്ടുണ്ടല്ലോ. വിശുദ്ധ ലൂക്കായുടെ സുവിശേഷം പതിനാറാം അധ്യായത്തിലാണത്. നഷ്ടപ്പെടലിന്റെ മാത്രമല്ല വീണ്ടെടുപ്പിന്റെ കഥകൾ കൂടി ഈ അധ്യായത്തിലുണ്ട്. അജ്ഞത കൊണ്ട് നഷ്ടമായ ആടിന്റെയും അശ്രദ്ധ കൊണ്ട് ചോർന്നുപോയ നാണയത്തിന്റെയും അഹന്തകൊണ്ടിറങ്ങിപ്പോയ മകന്റെയും കഥ പറയുന്നു ഈ അധ്യായം. ഇതു മാത്രമല്ല, അജ്ഞതയെ ജ്ഞാനം കൊണ്ടും അശ്രദ്ധയെ ധ്യാനം കൊണ്ടും അഹന്തയെ വിനയം കൊണ്ടും തിരിച്ചുപിടിക്കാവുന്നതേയുള്ളൂ എന്നും പറഞ്ഞുവയ്ക്കുന്നുണ്ട് ഇവിടെ. കേട്ടിട്ടില്ലേ, പറുദീസാനഷ്ടം (ജമൃമറശലെ ഘീേെ) എന്ന കൃതിയെഴുതിയ ജോൺ മിൽട്ടൻ തന്നെ പിന്നീട് പറുദീസാ തിരിച്ചുപിടിക്കുന്നതിനെക്കുറിച്ചും (ജമൃമ റശലെ ഞലഴമശിലറ) എഴുതിയിരിക്കുന്നത്. അതെ, നഷ്ടപ്പെട്ടതൊക്കെ വീണ്ടെടുത്തേക്കണം. ഒരവസരം കൂടി ചോദിച്ചുനോക്കാം നമുക്ക്. ചുവടുകിളച്ച് വളമിട്ട് ഒന്നുകൂടി ഒന്ന് ആഞ്ഞു പിടിച്ചാലോ. റെഡിയാണോ? എങ്കിൽ 'തയ്യാറായിരിക്കുക '(മത്തായി 24:44). കൈവിരലുകളിൽ നിന്ന് വഴുതിപ്പോയ സാക്ഷാൽ ഉണ്ണിയേശുവിനെപ്പോലും ദൈവസന്നിധിയിൽ വച്ച് തിരിച്ചുപിടിച്ച വി.യൗസേപ്പിതാവിനെയും പരിശുദ്ധ മറിയത്തെയും മാതൃകയാക്കാം നമുക്ക്. അവൻ നമ്മിലേയ്ക്ക് തിരികെയെത്തിയാൽ നമ്മുടെ ഭവനങ്ങളെല്ലാം തിരുക്കുടുംബമാകും. പടിയിറങ്ങിയ താലന്തുകളെല്ലാം നമ്മിലേയ്ക്ക് ഓടിയെത്തുകതന്നെ ചെയ്യും, വർദ്ധിതവീര്യത്തോടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com